# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 286** **02.03.2020 - ൽ മറുപടിക്ക്.**

## വാടക വീടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) വാടക വീടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) വാടക വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വീട്ടുടമസ്ഥന്റെ അനുമതി ഇല്ലാതെ തന്നെ സാധുവായ വാടക കരാറിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് അനുവദിയ്ക്കുന്നു. അപേക്ഷ പ്രകാരം ആവശ്യപ്പെട്ടിരിയ്ക്കുന്ന മറ്റ് വിവരങ്ങൾ കൂടി നൽകേണ്ടതാണ്. |
| (ബി) പുറമ്പോക്കിൽ താമസിക്കുന്ന ആൾക്കാർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ആയതിലേക്കായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ബി) റോഡ് വക്കിലും റയിൽവേ ലൈൻ പരിസരത്തും തോട് വക്കിലുമുൾപ്പെടെ പുറമ്പോക്കിൽ ഷെഡ് കെട്ടി താസമിക്കുന്നവർക്ക് വീട്ടുനമ്പർ ഇല്ലാതെ തന്നെ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ പരിശോധനയിൽ റേഷൻ കാർഡില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

• • • • •

**സെക്ഷൻ ഓഫീസർ**